**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4400** **28-10-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ റിസ്ക് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ റിസ്ക് ഫണ്ട് പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്താണെന്ന് വിശദമാക്കുമോ; | (എ) | വായ്പാക്കാരൻ മരണപ്പെട്ടാൽ കേരള സഹകരണ റിസ്ക്ഫണ്ട് പദ്ധതി നിയമാവലി പ്രകാരം അന്നേദിവസം ബാക്കിനിൽപ്പുള്ള വായ്പാ മുതലിൽ പരമാവധി രണ്ട് ലക്ഷം രൂപയും, വായ്പ എടുത്ത ശേഷം മാരകരോഗം പിടിപെടുകയും വായ്പാബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പാക്കാർക്ക് വായ്പാ ബാക്കിനിൽപ്പ് മുതലിനത്തിൽ പരമാവധി ചികിത്സാ ധനസഹായമായി ഒരുലക്ഷം രൂപയും അനുവദിച്ചു വരുന്നു. റിസ്ക് ഫണ്ട് ധനസഹായ തുക 1. പദ്ധതി നിലവിൽ വന്ന തീയതി മുതൽ വായ്പയെടുത്ത് മരണ പ്പെടുന്നവർക്ക് വായ്പാ ബാക്കി നിൽപ്പോ പരമാവധി 1,00,000/-രൂപയും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് ധനസഹായമായി നൽകിവരുന്നു. 2. 30.03.2012 തീയതി മുതൽ വായ്പയെടുത്ത് മരണപ്പെടുന്നവർക്ക് വായ്പാ ബാക്കി നിൽപ്പോ പരമാവധി 1,50,000/-രൂപയും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് ധനസഹായമായി നൽകിവരുന്നു. 3. 20.09.2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം വായ്പയെടുത്ത അംഗം വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണ പ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കിനിൽക്കുന്ന വായ്പാ മുതൽ അല്ലെങ്കിൽ 2,00,000/-രൂപ ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. ഒന്നിൽ കൂടുതൽ പേർ ചേർന്നെടുത്ത കോ-ഓബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ, അതിൽ ഒരു വായ്പാക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പാക്കാരന്റെ മരണതീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതിക തുകയും ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. 4. ഒരു |

| | | | |
|---|---|---|---|
| | | | വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ ബാങ്കുകളിൽ നിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 5,00,000/-രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ. മാരകരോഗം 1. 30.03.2012 തീയതി മുതൽ വായ്പ എടുത്തതിനു ശേഷം മാരക രോഗങ്ങളായ ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയസംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ, എന്നീ വായ്പക്കാർക്ക് വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000/- രൂപയോ ചികിത്സാ ധനസഹായം നൽകുന്നു. 2. 29.02.2016 തീയതി മുതൽ വായ്പ എടുത്തതിനു ശേഷം ടി.ബി, ലിവർ സീറോസിസ് പിടിപെടുന്ന അംഗങ്ങൾക്കും വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000/- രൂപയോ നൽകി വരുന്നു. 3. 20.09.2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം കരൾ സംബന്ധമായ അസുഖത്തിന് ശസ്ത്രക്രിയ നടത്തിയവർ, അപകടങ്ങളും രോഗങ്ങളും കാരണം ജോലി ചെയ്ത് ജീവിക്കാൻ കഴിയാത്ത വിധം അവയവം മുറിച്ച് മാറ്റപ്പെടുന്ന അവസ്ഥയിലുള്ളവർ, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരായവർ എന്നിവർക്ക് എത്ര വായ്പകൾ ഉണ്ടെങ്കിലും വായ്പാ മുതലിനത്തിൽ പരമാവധി 1,00,000/- രൂപ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്. |
| (ബി) | സഹകരണ റിസ്ക് ഫണ്ടിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസം വരുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | മാരക രോഗം ബാധിക്കുന്ന / മരണപ്പെടുന്ന വായ്പക്കാർക്കുള്ള ചികിത്സാ സഹായവും, മരണാനന്തര സഹായവും ലഭിക്കുന്നതിനുള്ള അപേക്ഷയും, അനുബന്ധങ്ങളും ബന്ധപ്പെട്ട ബാങ്ക്/ സംഘമാണ് ബോർഡിലേക്ക് സമർപ്പിക്കേ ണ്ടത്. പ്രസ്തുത അപേക്ഷകളിന്മേലുള്ള ആനുകൂല്യങ്ങൾ, വായ്പക്കാരന്റെ കടം കണക്കിൽ വരവ് വയ്ക്കുന്നതിനായി ബന്ധപ്പെട്ട സംഘം / ബാങ്കിനാണ് തുക അനുവദിച്ച് നൽകുന്നത് . തുക അനുവദിച്ച ശേഷം വിവരം വായ്പക്കാരനെ അറിയിക്കുകയും ചെയ്യുന്നുണ്ട്. റിസ്ക് ഫണ്ട് നിയമാവലിക്ക് വിധേയമായി അർഹതപ്പെട്ട മുഴുവൻ വായ്പക്കാർക്കും ആനുകൂല്യം അനുവദിച്ച് വരുന്നുണ്ട്. എന്നാൽ സംഘം / ബാങ്കുകളിൽ നിന്നും കൃത്യമായ രീതിയിൽ അപേക്ഷയും, അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ന്യൂനതകൾ ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം |

| | | | |
|---|---|---|---|
| | | | നൽകുകയും, ആയത് പരിഹരിച്ച് വരുന്ന മുറയ്ക്ക് നടപടികൾ പൂർത്തീകരിച്ച് ആനുകൂല്യങ്ങൾ അനുവദിക്കുകയുമാണ് നിലവിൽ ചെയ്തു വരുന്നത്. ബാങ്കുകളിൽ നിന്നും യഥാസമയം അപേക്ഷളിന്മേലുള്ള ന്യൂനതകൾ പരിഹരിച്ച് തരുന്നതിന് നടപടികൾ സ്വീകരിക്കാത്തത് കാരണം ഫയലുകൾ തീർപ്പാക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്. റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കഴിയുന്നത്ര വേഗത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അപേക്ഷകന് ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനുള്ള സോഫ്റ്റ് വെയർ സംവിധാനം ബോർഡിൽ നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, കുടിശ്ശിക ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി ജില്ലാ അടിസ്ഥാനത്തിൽ ഫയൽ തീർപ്പാക്കൽ അദാലത്ത് സംഘടിപ്പിക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | മാരക രോഗം ബാധിക്കുന്ന / മരണപ്പെടുന്ന വായ്പക്കാർക്കുള്ള ചികിത്സാ സഹായവും, മരണാനന്തര സഹായവും ലഭിക്കുന്നതിനുള്ള അപേക്ഷയും, അനുബന്ധങ്ങളും ബന്ധപ്പെട്ട ബാങ്ക്/ സംഘമാണ് ബോർഡിലേക്ക് സമർപ്പിക്കേ ണ്ടത്. പ്രസ്തുത അപേക്ഷകളിന്മേലുള്ള ആനുകൂല്യങ്ങൾ, വായ്പക്കാരന്റെ കടം കണക്കിൽ വരവ് വയ്ക്കുന്നതിനായി ബന്ധപ്പെട്ട സംഘം / ബാങ്കിനാണ് തുക അനുവദിച്ച് നൽകുന്നത് . തുക അനുവദിച്ച ശേഷം വിവരം വായ്പക്കാരനെ അറിയിക്കുകയും ചെയ്യുന്നുണ്ട്. റിസ്ക് ഫണ്ട് നിയമാവലിക്ക് വിധേയമായി അർഹതപ്പെട്ട മുഴുവൻ വായ്പക്കാർക്കും ആനുകൂല്യം അനുവദിച്ച് വരുന്നുണ്ട്. എന്നാൽ സംഘം / ബാങ്കുകളിൽ നിന്നും കൃത്യമായ രീതിയിൽ അപേക്ഷയും, അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ന്യൂനതകൾ ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും, ആയത് പരിഹരിച്ച് വരുന്ന മുറയ്ക്ക് നടപടികൾ പൂർത്തീകരിച്ച് ആനുകൂല്യങ്ങൾ അനുവദിക്കുകയുമാണ് നിലവിൽ ചെയ്തു വരുന്നത്. ബാങ്കുകളിൽ നിന്നും യഥാസമയം അപേക്ഷളിന്മേലുള്ള ന്യൂനതകൾ പരിഹരിച്ച് തരുന്നതിന് നടപടികൾ സ്വീകരിക്കാത്തത് കാരണം ഫയലുകൾ തീർപ്പാക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്. റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | കഴിയുന്നത്ര വേഗത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അപേക്ഷകന് ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനുള്ള സോഫ്റ്റ് വെയർ സംവിധാനം ബോർഡിൽ നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, കുടിശ്ശിക ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി ജില്ലാ അടിസ്ഥാനത്തിൽ ഫയൽ തീർപ്പാക്കൽ അദാലത്ത് സംഘടിപ്പിക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ